പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5925 — 30/07/2015-ൽ മറുപടിയ്ക്ക്

## നൈപുണ്യ വികസന പരിപാലന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ : | | ശ്രീമതി. പി. കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | എസ്.റ്റി. വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്കായി ആവിഷ്കരിച്ചിട്ടുള്ള നൈപുണ്യവികസന പരിപാലന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. 2013-14 സാമ്പത്തികവർഷം 500 പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകിയിട്ടുണ്ട്.<br>2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതി നുള്ള ധനസഹായം നൽകുന്നുണ്ട്.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കി വരുന്നു.<br>4. കെൽട്രോൺ മുഖേന വിദ്യാർത്ഥി കൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു. |

| | | | |
|---|---|---|---|
| | | | 5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തി വരുന്നു. |
| | | | 6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നു. |
| | | | 7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവ. ആയുർവേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകിവരുന്നു |
| | | | 8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകുന്നു. |
| | | | 9. 2014-15-ൽ കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ടമെന്റിനായി പ്രീ-റിക്രൂട്ട് മെന്റ് പരിശീലനം നൽകി. |
| | | | 10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയ്ക്കായി ഓരോ വർഷവും എത്ര രൂപ വീതമാണ് നീക്കി വെച്ചിരുന്നത്; അതിൽ ഓരോ വർഷവും എത്ര രൂപ വീതം ചെലവഴിച്ചു; | (ബി) | 1. 2013-14 സാമ്പത്തിക വർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നല്കുന്നതിനും ഓട്ടോറിക്ഷ നല്കുന്നതിനുമായി 6,82,25,000/- രൂപ വകയിരുത്തുകയും ആയതിൽ 6,74,64,460/- രൂപ ചെലവഴിക്കുകയും ചെയ്തു. ടി പദ്ധതി വിവിധ ജില്ല കളിൽ ജനസംഖ്യാനുപാതികമായി നടപ്പിലാക്കി യിട്ടുണ്ട്.<br>2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ, ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ ജില്ലകളുടെ അടിസ്ഥാനത്തിൽ 2013-14-ൽ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) ഉൾപ്പെടുത്തി 375 ഗുണഭോക്താക്കൾക്ക് 200 ലക്ഷം രൂപ ചെലവഴിച്ചു. അത് കൂടാതെ SCA to TSP–യിൽ ഉൾപ്പെടുത്തി ജില്ലകൾക്ക് അനുവദിക്കുന്ന തുകക്ക് ഒരു ഭാഗം 500 ഗുണഭോക്താക്കൾക്കായി 300 ലക്ഷം രൂപ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലഭിക്കുന്ന പദ്ധതികൾക്ക് അനുവദിച്ചുവരുന്നു.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 2013-14-ൽ പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് നൈപുണ്യവികസന പദ്ധതികൾ ഉൾപ്പടുത്തി വിവിധ സെന്ററുകളിൽ 100 വിദ്യാർത്ഥികൾക്ക് 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 218.73 ലക്ഷം രൂപ 2 വർഷത്തെ |

| | | | |
|---|---|---|---|
| | | | ഫീസായി അനുവദിച്ചിട്ടുണ്ട്. 2014-15-ൽ 307 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 375 ലക്ഷം രൂപ ആദ്യ വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും (ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന്) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സിന്) തെരഞ്ഞെടുക്കുകയും ടി വിദ്യാർത്ഥികൾക്ക് പരിശീലനം നല്കിവരുകയും ചെയ്യുന്നു. പരിശീലനം പൂർത്തിയാകുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക നടപ്പ സാമ്പത്തിക വർഷം അനുവദിക്കുന്നതാണ്.<br><br>2013-14 മുതൽ നാളിതുവരെ 778 വിദ്യാർത്ഥികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിൽ നിലവിൽ പരിശീലനം തുടർന്നു വരുന്ന 619 വിദ്യാർത്ഥികൾക്ക് 593.73 ലക്ഷം രൂപ ചെലവഴിച്ച് വിവിധ ഘട്ടങ്ങളിലായി പരിശീലനം നല്കിവരുന്നു. വിവിധ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന അപേക്ഷകൾക്ക് അനുസരിച്ച് ഡയറക്ടറേറ്റ് തലത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>4. കെൽട്രോൺ മുഖേന 2012-13-ൽ 371 വിദ്യാർത്ഥികൾക്ക് വിവിധ പരിശീലനങ്ങൾക്കായി 106.16 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2015-16-ൽ 40 വിദ്യാർത്ഥികൾക്കായി 37.46 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. വിവിധ ജില്ലകളിൽ നിന്നും ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | അപേക്ഷകൾക്ക് അനുസരിച്ച് ഡയറക്ടറേറ്റ് തലത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.<br>5. 2013-14 സാമ്പത്തിക വർഷം 100 പട്ടികവർഗ്ഗക്കാർക്ക് 2 മാസത്തെ ഫുഡ് പ്രോസസ്സിംഗ് ആന്റ് ബിവറേജ് കോഴ്സിനായി 1,27,486/- രൂപ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് കോവളത്തിന് അനുവദിച്ചിരുന്നു. 2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷം രൂപ അനുവദിച്ചിരുന്നു.<br>6. കിൻഫ്രയുടെ അപ്പാരൽ ട്രൈനിംഗ് സെന്ററിൽ വെച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നല്കുന്നതിനായി 2013-14-ൽ 140 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആദ്യഗഡുവായി 22 ലക്ഷം രൂപ അനുവദിച്ചിരുന്നു.<br>7. 2014–15 വർഷത്തിൽ ഗവ. ആയുർവേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിനായി 24.53 ലക്ഷം രൂപ ഗവൺമെന്റ് ആയുർവേദ കോളേജിന് അനുവദിച്ചിരുന്നു.<br>8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നല്കുന്നതിനായി 40.04 ലക്ഷം രൂപ അനുവദിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | 9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേയ്ക്കുള്ള റിക്രൂട്ടമെന്റിന് പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകുന്നതിനായി 1.38 ലക്ഷം രൂപ ഡിസ്ട്രിക് സൈനിക് വെൽഫയർ ഓഫീസർ കാസറഗോഡിന് അനുവദിച്ചിരുന്നു. |
| (സി) | എത്ര യുവതി യുവാക്കൾക്ക് ഈ പദ്ധതിയുടെ ഗുണം ലഭിച്ചു; വിശദാംശങ്ങൾ ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കുമോ ? | (സി) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ